യുവജനക്ഷേമ പ്രവർത്തനങ്ങൾ

14 (*344) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പും ഗ്രന്ഥശാലകളും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ : വിശദമാക്കാമോ :

(സി) യുവജനങ്ങളുടെ ആവശ്യങ്ങളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ :

(ഡി) ഇത്തരം നടപടികൾ യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പും ഗ്രന്ഥശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി യുവജനകാര്യ വകുപ്പും വിവിധ വകുപ്പുകളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വകുപ്പുതലത്തിലും നിർവ്വഹണ ഏജൻസികളും മുഖേന പുരോഗതി വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി) കേരളത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച് ഔദ്യോഗികമായ പഠനങ്ങൾ ഒന്നുതന്നെ വകുപ്പുതലത്തിൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ശിൽപ്പശാലകളിൽ ഇത്തരം കാര്യങ്ങൾ ചർച്ച വിഷയമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. യുവജന നയത്തിന്റെ ഖണ്ഡിക 5.2-ൽ ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യുവജനനയം 2012 ഡിസംബർ മാസത്തിൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

* തൊട്ടുമുമ്പിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി യൂത്ത് ക്ലബ്ബുകൾക്ക് സഹായധനത്തിന് പരിഗണിക്കുന്നതിനുള്ള ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ തൊഴിൽരഹിതർക്കായി തൊഴിൽ മേളകൾ, ജില്ലകൾതോറും സംരംഭകത്വ പരിശീലന പരിപാടികൾ, പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് തുടങ്ങി യുവജനങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി വിവിധ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തിവരുന്നു.

(ഡി) യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ തൊഴിൽ വകുപ്പ്, ക്ഷീര വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തൊഴിൽ, വിവിധക്ഷേമ കോർപ്പറേഷനുകൾ തുടങ്ങിയവയുടെ പദ്ധതികൾ ക്രോഡീകരിക്കുകയും തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, അടിസ്ഥാന വികസനം എന്നീ വിഷയങ്ങളിൽ യുവജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം വിപുലമായ പ്രചരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ലോട്ടറിയുടെ തകർച്ച

15 (*345) ശ്രീ. ബി. സത്യൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന തരത്തിൽ വിവിധ മേഖലകളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജടിക്കറ്റുകൾ വിറ്റഴിക്കൽ, ടിക്കറ്റുകൾ ചൂതാട്ടങ്ങൾക്ക് ഉപയോഗപ്പെടുത്തൽ തുടങ്ങി ലോട്ടറിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly